ശ്രീ. സി. അച്യുതമേനോൻ : ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : 'ടി. വി. നാട്ടരിക്കുമ്പോൾ പട്ടം പല്ലു പറിച്ചിട്ടും' എന്നു് കമ്മ്യൂണിസ്റ്റുകാരെക്കുറിച്ചും മുദ്രാവാക്യങ്ങളും വിളിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : അതിനെപ്പറ്റി ഗവണ്മെൻറിനു് അറിവൊന്നും ഇല്ല.

ശ്രീ. പി. ടി. ചാക്കോ : ഈ ചോദ്യത്തിൽ എം—നെ തട്ടും, മുണ്ടശ്ശേരിയെ തട്ടും എന്ന മുദ്രാവാക്യത്തെപ്പറ്റിയാണു് പരാമർശിക്കുന്നതു്. അങ്ങനെയുള്ള മുദ്രാവാക്യങ്ങളും വിളിച്ചതായി ഗവണ്മെൻറിനു് വല്ല റിപ്പോർട്ടുകളും കിട്ടിയിട്ടുണ്ടോ ; പത്രത്തിൽ കണ്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : പത്രത്തിൽ കണ്ടിട്ടുണ്ടു്. അല്ലാതെയും ഗവണ്മെൻറിനു് അറിയാൻ വഴികളുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : മുണ്ടശ്ശേരിയെ തട്ടുമെന്നും മറ്റും മുദ്രാവാക്യങ്ങളും വിളിച്ചിട്ടുള്ളതായി മന്ത്രി നേരിട്ടു പത്രത്തിൽ കണ്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ ഞാൻ വായിച്ചതായി ഓർമ്മയുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : ഏതു പത്രത്തിലാണു് അങ്ങനെ കണ്ടതു് ?

ശ്രീ. സി. അച്യുതമേനോൻ : അതേപ്പറ്റി എനിക്കു് ഓർമ്മയില്ലെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. എം. നാരായണക്കുറുപ്പു് : അത്യക്ഷേപാർഹമായ ഇത്തരം മുദ്രാവാക്യങ്ങളും വിളിക്കുന്നതിനുള്ള നേതൃത്വം ആരാണു് നൽകിയതെന്നും, ഇതിന്റെ റിമോട്ട് കൺട്രോൾ ആരാണെന്നും മറ്റും ഗവേഷണം നടത്തി കണ്ടുപിടിക്കുവാൻ ഗവണ്മെൻറു് തയ്യാറാകുമോ ?

ശ്രീ. സി. അച്യുതമേനോൻ : ഇതേപ്പറ്റി ഒരു ഗവേഷണം നടത്തേണ്ട കാര്യമൊന്നുമില്ല.

ശ്രീ. ആർ. സുശീലൻ : കഴിഞ്ഞയാഴ്ചയിൽ മന്നത്തു പദ്മനാഭന്റെ നേതൃത്വത്തിൽ കൊല്ലത്തുവച്ചുകൂടിയ സമ്മേളനത്തിൽ 'സി. പി.—യെ വെട്ടിയ നാടാണെ, കരുതി നടന്നോ നമ്പൂരി,' എന്നു് മുദ്രാവാക്യം വിളിച്ചതായി പത്രത്തിൽ കണ്ടു എന്ന വിവരം ഞാൻ ഗവണ്മെൻറിനെ അറിയിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ : സെക്രട്ടറിയേറ്റിൽ പടക്കുതിരയെ കെട്ടും, എന്നും ചോദ്യത്തിൽ കാണുന്നുണ്ടു്. സെക്രട്ടറിയേറ്റു് ഇടിച്ചുപൊളിച്ചു് അതിനു താഴെ ചൊറിയണം നടണമെന്നു വിളിച്ചു പറഞ്ഞയാളുകൾക്കു് പടക്കുതിരയെ സെക്രട്ടറിയേറ്റിൽ പിടിച്ചുകെട്ടും എന്നു പറയുന്നതു് കുറ്റകരമാണെന്നു തോന്നാൻ അവകാശമുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : കുറ്റകരമാണെന്നു് ആരും പറയുന്നില്ല.

റെയർ എർത്തു കമ്പനി.

* 1394. [20] ശ്രീ. കെ. എം. ജാഫ്ജു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവായിലെ റെയർ എർത്തു കമ്പനി അടുത്ത കാലത്തു് അടച്ചുപൂട്ടുകയുണ്ടായോ ;

(ബി) എന്തുകൊണ്ടാണു് ഈ കമ്പനി അടച്ചുപൂട്ടേണ്ടിവന്നതു് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കമ്പനിയിലെ സ്ഥിരത്തൊഴിലാളികൾക്കും ജോലിക്കാർക്കും വേണ്ട സംരക്ഷണം നൽകാൻ, കേരള പോലീസും സ്ഥലത്തെ അധികാരികളും കൂട്ടാക്കിയില്ല എന്നതു ശരിയാണോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) അടച്ചുപൂട്ടുകയുണ്ടായി.

(ബി) അടച്ചുപൂട്ടുന്നതു് സംബന്ധിച്ചു് കാരണങ്ങൾ കാണിച്ചു കമ്പനി പുറപ്പെടുവിച്ച നോട്ടീസിന്റെ † കാപ്പി മേശപ്പുറത്തു വച്ചിരിക്കുന്നു.

(സി) ശരിയല്ല.

ശ്രീ. കെ. എം. ജാർജ്ജു് : കേന്ദ്രഡെപ്യൂട്ടി മിനിസ്റ്റർ ലക്ഷ്മി എൻ. മേനോൻ ലോകസഭയിൽവച്ചു് കേരള ഗവണ്മെൻറിന്റെ വ്യവസായനയവും, കേരള പോലീസിന്റെ നയവും, ഈ കമ്പനിയിലെ സ്ഥിരത്തൊഴിലാളികൾക്കും ജോലിക്കാർക്കും വേണ്ട സംരക്ഷണം നൽകുവാൻ സഹായകമായിരുന്നില്ല എന്നു് പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ആ ആരോപണം ശരിയല്ല.

ശ്രീ. കെ. എം. ജാർജ്ജു് : കേരള ഗവണ്മെൻറിന്റെ പോലീസു് നയവും തൊഴിലാളി നയവും, തിരുത്തുന്നില്ലെങ്കിൽ, കപ്പൽനിർമ്മാണവ്യവസായം കേരളത്തിനു കിട്ടുകയില്ല എന്ന പ്രസ്താവന ഉണ്ടായിട്ടുണ്ടെന്നറിയാമോ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെയൊരു പ്രസ്താവനയുള്ളതായി അറിയുന്നില്ല.

ശ്രീ. കെ. ജോർജ്ജവൻ : ഗവണ്മെൻറിന്റെ വ്യവസായനയവും തൊഴിൽനയവും മാറ്റിയെങ്കിലെ രണ്ടാം കപ്പൽ നിർമ്മാണപദ്ധതി കേരളത്തിനു കിട്ടുകയുള്ളൂ എന്നു് ഈ ഗവണ്മെൻറിനെ ആരെങ്കിലും അറിയിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ആരും അറിയിച്ചിട്ടില്ല.

ശ്രീ. എൻ. ശിവൻപിള്ള : ഇതു സംബന്ധിച്ചു് ഈ ഗവണ്മെൻറു് കേന്ദ്രഗവണ്മെൻറുമായി എന്തെങ്കിലും എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ടോ ?

ശ്രീ കെ. പി. ഗോപാലൻ : ഈ ഗവണ്മെൻറു് കേന്ദ്രഗവണ്മെൻറിനു് എഴുതിയച്ചിട്ടുണ്ടു്. പ്രൈംമിനിസ്റ്റർക്കു് ഇവിടത്തെ ചീഫു് മിനിസ്റ്റർ നേരിട്ടു എഴുതിയച്ചിട്ടുണ്ടു്. പ്രൈംമിനിസ്റ്റർ ഇക്കാര്യത്തിൽ നേരിട്ടു സെൻട്രൽ ലേബർ കമ്മിഷനുമായി ന്യായമായ ഒരു തീരുമാനത്തിൽ എത്തുന്നതിനു പരിശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നു ഗവണ്മെൻറിനറിവു ലഭിച്ചിട്ടുണ്ടു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : പിന്നീടൊരവസരത്തിൽ അവിടത്തെ തൊഴിലാളികളും ജോലിചെയ്യാൻ തയാറായിരുന്നുവോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെ തയാറായതായി അറിവില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ : ജോലി ചെയ്യാൻ തൊഴിലാളികളും തയാറായിരുന്നു എന്നു പത്രത്തിൽ വാർത്തയുണ്ടായിരുന്നതായി അറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : അറിഞ്ഞുകൂടാ.

† Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

*(Please see answer to Question No. * [20])*

Notice Dated 2-4-1959

Some of the workers of the Factory have gone on a thoroughly unjustified and even illegal strike from 31-3-1959. According to the latest notice, the strike is to commence only on or after 9th April, 1959. Notice as required by the Certified Standing Orders of the company has not been given. There is no justification whatsoever for the strike.

Even the workers who are willing and/or desirous of attending work are being prevented from doing so by threats, intimidation, and even physical obstruction and violence. The workmen in essential employments who cannot go on strike are also on strike and even those amongst them who are willing to work are being prevented.

The Company has been running for some time on heavy loss. There has been large accumulation of stock. Even with such loss, the company has been able to function only because of the subsidy from the Central Government. The Central Government have already intimated that they are in a position only to take a very limited quantity of Thorium Hydroxide due to non-availability of market and heavy accumulation of stock and have also intimated that they cannot continue the full subsidy. Without the full subsidy, it would not be possible to run the factory and it will be necessary to drastically curtail production.

Apart from the above difficulties, the workers of the company have been giving continuous trouble to the Management by their thoroughly irresponsible and unjustified actions.

In the circumstances, it is impossible to run the Factory. The safety of the Plant and Machinery and the safety of the employees of the company also require that the Factory must be closed down if the workmen do not return to work.

It is therefore hereby notified that if the workmen do not return to work by 8 A. M. on 3rd April, 1959, the Factory will stand closed down from 8-30 A. M. on that date (3rd April, 1959). Full responsibility and consequence of this must rest with the workmen.

For Indian Rare Earths Pvt. Limited.

LIBRARY ARCHIVES Kerala Legislative Assembly